പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം : 3008

28.01.2014-ൽ മറുപടി

നൽകേണ്ടത്

## അരൂർ മണ്ഡലത്തിൽ സീറോ ലാന്റ്ലെസ് പദ്ധതി

ചോദ്യം

ശ്രീ. എ. എം. ആരിഫ്

ഉത്തരം

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ മന്ത്രി)

(എ) സീറോ ലാന്റ്ലെസ് പദ്ധതിയിൽ അരൂർ നിയോജക മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകി; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എ) 53 ഭൂരഹിത കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വില്ലേജ് | എണ്ണം |
|---|---|---|
| 1. | തുറവൂർ തെക്ക് | 27 |
| 2. | തൈക്കാട്ടുശ്ശേരി | 2 |
| 3. | പള്ളിപ്പുറം | 10 |
| 4. | എഴുപുന്ന | 11 |
| 5. | പാണാവള്ളി | 3 |
| | **ആകെ** | **53** |

(ബി) എത്ര കുടുംബാംഗങ്ങൾ പ്രസ്തുത ഭൂമിയിൽ താമസിക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(ബി) 6 കുടുംബങ്ങൾ പ്രസ്തുത ഭൂമിയിൽ താമസിച്ചു വരുന്നുണ്ടെന്ന് ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വാസയോഗ്യമായ സ്ഥലമാണോ നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഡി) വാസയോഗ്യമായ സർക്കാർ വക ഭൂമികൾ കണ്ടെത്തിയാണ് ഈ പദ്ധതിക്ക് വേണ്ടി ഉപയോഗപ്പെടുത്തിയത്. ഓരോ ഭൂമിയുടേയും പ്രാദേശിക സ്വഭാവം, സമാന സ്വഭാവത്തിലുള്ള ഭൂമികൾ വാസയോഗ്യമാണോ എന്നിവ കൂടി കണക്കിലെടുത്താണ് വസ്തുവിന്റെ വീട് വയ്ക്കുന്നതിനുള്ള അനുയോജ്യത അന്തിമമായി തിട്ടപ്പെടുത്തുന്നത്. പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിരമായി പരിഹരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ